"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉപഭോക്തൃകാര്യ വകുപ്പ്- ജീവനക്കാര്യം- ലീഗൽ മെട്രോളജി കൺട്രോളറുടെ കാര്യാലയത്തിലെ എൽ.ഡി.ടൈപ്പിസ്റ്റ്, കുമാരി.ആതിര ജോണിയ്ക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉപഭോക്തൃകാര്യ വകുപ്പ്**

സ.ഉ.(സാധാ) നം.**26/2025/CAD** തീയതി,തിരുവനന്തപുരം, **22-05-2025**

---

പരാമർശം:- 1. കുമാരി.ആതിര ജോണി സമർപ്പിച്ച **25-09-2024** ലെ അവധി അപേക്ഷ.

2. ലീഗൽ മെട്രോളജി കോൺട്രോളറുടെ **07-10-2024, 20-11-2024** തീയതികളിലെ **LMD-HQ/873/2024-B7** നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

ലീഗൽ മെട്രോളജി കോൺട്രോളറുടെ കാര്യാലയത്തിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ **12-09-2024** ന് ജോലിയിൽ പ്രവേശിച്ച കുമാരി.ആതിര ജോണിയ്ക്ക് പി.ജി. കോഴ്സ് ചെയുന്നതിനായി **26-09-2024** മുതൽ **09-05-2025** വരെ ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ടുക്കൊണ്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ, പരാമർശം (2) പ്രകാരം ശൂന്യവേതനാവധി അനുവദിയ്ക്കണമെന്നു ശിപാർശ ചെയ്ത് ലീഗൽ മെട്രോളജി കൺട്രോളർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. അവധി അപേക്ഷയോടൊപ്പം കോഴ്സ് സർട്ടിഫിക്കറ്റും സമർപ്പിച്ചിരുന്നു

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലീഗൽ മെട്രോളജി കോൺട്രോളറുടെ കാര്യാലയത്തിൽ എൽ.ഡി.ടൈപ്പിസ്റ്റായ കുമാരി.ആതിര ജോണിയ്ക്ക് **26-09-2024** മുതൽ **09-05-2025** വരെ കെ.എസ്.ആർ. ഭാഗം **1** അനുബന്ധം **XII B** യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

3)ഇതു സംബന്ധിച്ച രേഖപെടുത്തലുകൾ ടിയാളുടെ സേവനപുസ്തകത്തിൽ വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**BINDU R R**

ഡെപ്യൂട്ടി സെക്രട്ടറി

കൺട്രോളർ, ലീഗൽ മെട്രോളജി തിരുവനന്തപുരം(സേവന പുസ്തകം സഹിതം)

കുമാരി. ആതിര ജോണി എൽ ഡി ടൈപ്പിസ്റ്റ് ലീഗൽ മെട്രോളജി ഓഫീസ്, തിരുവനന്തപുരം ( ലീഗൽ മെട്രോളജി കൺട്രോളർ മുഖേന )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ &ഇ ) കേരള തിരുവനന്തപുരം
ധനകാര്യ വകുപ്പ്. **(11-03-2025 ലെ 3064433/Agri-A1/41/2025-FIN** നമ്പർ പ്രകാരം)
വെബ് & ന്യൂ മീഡിയ( സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരണത്തിനായി
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Kavitha Kumari. I. S
Date: 22-05-2025 12:41:04

സെക്ഷൻ ഓഫീസർ